നം. സി.ഇ.ഇ/2424/09/സി.എ.പി.-2010/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**വിജ്ഞാപനം**

**2010 ലെ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ്**

[G.O.(Ms)No.126/2010/H.Edn. dated 19.06.2010]

2010 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സ് പ്രവേശനത്തിനുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് 16.06.2010 ന് പ്രസിദ്ധീകരിച്ചു.

രണ്ടാം ഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങൾ **23.06.2010** ന് ആരംഭിക്കുന്നതാണ്. ഇത് പ്രകാരം വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുനഃക്രമീകരിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും **23.06.2010 മുതൽ 25.06.2010 വരെ www.cee.kerala.gov.in** എന്ന വെബ് സൈറ്റിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്. വിദ്യാർത്ഥികൾക്ക് സൗജന്യമായി ഓപ്ഷനുകൾ ക്രമീകരിക്കുന്നതിന് ഇന്റർനെറ്റ് സൗകര്യമുള്ള **ഓപ്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളും (OFC) ഹെൽപ്പ് ഡസ്കുകളും (HD)** സംസ്ഥാനത്തുടനീളം ഇക്കാലയളവിൽ പ്രവർത്തിക്കുന്ന താണ്. ഇവയുടെ വിശദമായ ലിസ്റ്റ് **www.cee-kerala.org** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

**ഒന്നാം ഘട്ട അലോട്ടുമെന്റിൽ ലഭിച്ച അലോട്ടുമെന്റ് തൃപ്തികരമാണെങ്കിൽ അവരവരുടെ ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യേണ്ടതാണ്.**

**23.06.2010** രാവിലെ 10 മണി മുതൽ **25.06.2010** വൈകുന്നേരം 5 മണി വരെയുള്ള ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **29.06.2010** ന് **രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്.** രണ്ടാം ഘട്ട അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| 23.06.2010 – രാവിലെ 10 മണി മുതൽ | ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനുള്ള വെബ്സൈറ്റ് സജ്ജമാകുന്നു |
| 25.06.2010 – വൈകുന്നേരം 5 മണി വരെ | ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനുള്ള സൗകര്യം അവസാനിക്കുന്നു |
| 29.06.2010 | **രണ്ടാം ഘട്ട അലോട്ടുമെന്റ്** |
| 30.06.2010, 01.07.2010 & 02.07.2010 | അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ പണം ഒടുക്കണം |

ഒന്നാം ഘട്ട അലോട്ടുമെന്റ് പ്രകാരം ഫീസ് അടച്ചതിനുശേഷം അലോട്ടുമെന്റ് ക്യാൻസൽ ചെയ്യാൻ ആഗ്രഹിക്കുന്നവർ **cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമായ അലോട്ടുമെന്റ് ക്യാൻസൽ ചെയ്യാനുള്ള പ്രൊഫോർമ പൂരിപ്പിച്ച് **24.06.2010** വൈകുന്നേരം 5 മണിക്കു മുമ്പായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അലോട്ടുമെന്റ് ക്യാൻസൽ ചെയ്യുന്നവരുടെ നിലവിലുള്ള അലോട്ടുമെന്റും എല്ലാ ഹയർ ഓപ്ഷനുകളും റദ്ദ് ചെയ്യുന്നതാണ്. ഫാക്സ് മുഖേന ലഭിക്കുന്ന അലോട്ടുമെന്റ് ക്യാൻസൽ ചെയ്യാനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

*അലോട്ടുമെന്റിനേയും ഫീസ് ഒടുക്കുന്നതിനേയും സംബന്ധിച്ച ആധികാരിക വിവരങ്ങൾ അറിയുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റായ **cee-kerala.org** സന്ദർശിക്കേണ്ടതാണ്. അലോട്ട്മെന്റ് നടപടികളെക്കുറിച്ചുള്ള സംശയനിവാരണത്തിനായി **0471 - 2115311, 2115312, 2115313, 2115314** എന്നീ ടെലഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം

20.06.2010

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**